**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 527** **23-07-2021 - ൽ മറുപടിയ്ക്ക്**

**മീറ്റർ റീഡിംഗ് നടത്താതെ പിഴ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്ത് വാട്ടർ മീറ്റർ റീഡിംഗ് രണ്ടുമാസക്കാലത്തേയ്ക്ക് നിർത്തിവയ്ക്കുകയുണ്ടായോ; എങ്കിൽ പ്രസ്തുത കാലയളവിലേക്ക് ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കുകയുണ്ടായോ; | (എ) | 06/05/2021 മുതൽ 05/07/2021 വരെ വാട്ടർ മീറ്റർ റീഡിംഗ് രണ്ടുമാസക്കാലത്തേയ്ക്ക് നിർത്തി വയ്ക്കുകയുണ്ടായി. ജലഅതോറിറ്റി മീറ്റർ റീഡിംഗ് സ്വയം നിർത്തിവച്ച കാലയളവിലേക്ക് ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കിയിരുന്നില്ല. പ്രസ്തുത കാലയളവിന് മുമ്പോ ശേഷമോ ലഭിച്ച ബില്ലുകൾ അടയ്ക്കുവാനുള്ള സാവകാശസമയം (രണ്ട് മാസവും ഒരാഴ്ചയും) കഴിഞ്ഞതിന് ശേഷം തുടർന്നും അടച്ചിട്ടില്ലാത്തവരിൽ നിന്നാണ് പിഴ ഈടാക്കുന്നത് . |
| (ബി) | കോവിഡ് കാലത്ത് ജലഅതോറിട്ടി മീറ്റർ റീഡിംഗ് സ്വയം നിർത്തിവച്ച കാലത്തേയ്ക്ക് ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കുന്നത് ന്യായമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ആയത് പിൻവലിക്കാനോ തിരിച്ചുനൽകാനോ ജലഅതോറിറ്റി തയ്യാറാകുമോ? | (ബി) | 06/05/2021 മുതൽ 05/07/2021 വരെ വാട്ടർ മീറ്റർ റീഡിംഗ് രണ്ടുമാസക്കാലത്തേയ്ക്ക് നിർത്തി വയ്ക്കുകയുണ്ടായി. ജലഅതോറിറ്റി മീറ്റർ റീഡിംഗ് സ്വയം നിർത്തിവച്ച കാലയളവിലേക്ക് ഉപഭോക്താക്കളിൽ നിന്ന് പിഴ ഈടാക്കിയിരുന്നില്ല. പ്രസ്തുത കാലയളവിന് മുമ്പോ ശേഷമോ ലഭിച്ച ബില്ലുകൾ അടയ്ക്കുവാനുള്ള സാവകാശസമയം (രണ്ട് മാസവും ഒരാഴ്ചയും) കഴിഞ്ഞതിന് ശേഷം തുടർന്നും അടച്ചിട്ടില്ലാത്തവരിൽ നിന്നാണ് പിഴ ഈടാക്കുന്നത് . |

സെക്ഷൻ ഓഫീസർ